


# കേരളം– അടിസ്ഥാന വിവരങ്ങളും ഭൂമിശാസ്ത്ര സവിശേഷതകളും

**കേരളത്തെ സംബന്ധിക്കുന്ന അറിവുകൾ മത്സരപ്പരീക്ഷകളിൽ മുൻനിരക്കാരെ നിശ്ചയിക്കുന്ന പ്രവണതയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കാൻ സഹായകമായ ഒരു പുതിയ പരമ്പര ആരംഭിക്കുന്നു. കേരളത്തിന്റെ ഭൂമിശാസ്ത്രം, കാലാവസ്ഥ, നദികൾ, ചുരങ്ങൾ, കായലുകൾ, തടാകങ്ങൾ, മലനിരകൾ, സസ്യജാല വൈവിധ്യം, കാടുകൾ, കാവുകൾ, ജന്തുജാലങ്ങൾ, കൃഷി, ദ്വീപുകൾ, പാലങ്ങൾ, മൈതാനങ്ങൾ, ഉദ്യാനങ്ങൾ, ഉല്ലാസ കേന്ദ്രങ്ങൾ, വെള്ളച്ചാട്ടങ്ങൾ അങ്ങനെയങ്ങനെ കേരളീയതയെ രൂപപ്പെടുത്തുന്ന അനവധിയനവധി സംഗതികളെ ഇതിലൂടെ പരിചയപ്പെടാം.**

- കേരളത്തിന്റെ തലസ്ഥാനം തിരുവനന്തപുരമാണ്. ഇത് ഇന്ത്യയിലെ സംസ്ഥാന തലസ്ഥാനങ്ങളിൽ ഏറ്റവും തെക്കായി സ്ഥിതിചെയ്യുന്നതാണ്. ഇന്ത്യയുടെ നിത്യഹരിത നഗരം എന്ന് മഹാത്മാഗാന്ധി വിശേഷിപ്പിച്ച നഗരമാണ് തിരുവനന്തപുരം. ഇതിനെ കേരളത്തിന്റെ തലസ്ഥാനമാക്കണം എന്ന നിർദ്ദേശം ആദ്യമായി മുന്നോട്ടുവച്ചത് സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയാണെന്ന് കരുതപ്പെടുന്നു.
- 1956–ൽ തിരുവനന്തപുരം കേരളത്തിന്റെ തലസ്ഥാനമായപ്പോൾ അതേ സ്ഥാനത്തേക്ക് പരിഗണിക്കണമെന്ന് ആവശ്യമുയർന്ന നഗരങ്ങളാണ് എറണാകുളവും തൃശ്ശൂരും.
- കേരളത്തിന്റെ വിസ്തീർണം 38863 ചി.കി.മീ. (15005 ച.മൈൽ) ആണ്. ഇത് ഇന്ത്യയുടെ 1.18 ശതമാനമാണ്.
- അക്ഷാംശം വടക്ക് $8^{0}17'30''$ മുതൽ $12^{0}47'40''$ വരെയും രേഖാംശം കിഴക്ക് $74^{0}51'57''$ മുതൽ $77^{0}24'47''$ വരെയുമാണ് കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ സ്ഥാനം. ഇന്ത്യൻ സംസ്ഥാനങ്ങളിൽ വിസ്തീർണാടിസ്ഥാനത്തിൽ കേരളം 22–മതാണ്.
- പടിഞ്ഞാറ് അറബിക്കടൽ; വടക്കു കിഴക്ക് കർണാടകം; കിഴക്കുതെക്ക് തമിഴ്നാട് എന്നിങ്ങനെയാണ് കേരളത്തിന്റെ അതിർത്തികൾ. കേരളവുമായി അതിർത്തി പങ്കിടുന്ന കേന്ദ്ര ഭരണ പ്രദേശം പുതുച്ചേരിയാണ്. പുതുച്ചേരിയിലെ മാഹി ജില്ലയ്ക്കാണ് കേരളവുമായി അതിരുള്ളത് (മാഹി എന്ന പേരിൽ ദ്വീപുള്ള രാജ്യം സെയ്ഷൽസ് ആണ്).
- കേരളത്തിന്റെ ഔദ്യോഗിക പുഷ്പം കണിക്കൊന്നയാണ്. Indian Laburnum എന്ന ആംഗലനാമമുള്ള ഇതിന്റെ സസ്യശാസ്ത്രനാമമാണ് Cassia fistula.
- കോക്കോസ് നൂസിഫെറ എന്ന സസ്യശാസ്ത്രനാമമുള്ള തെങ്ങാണ് കേരളത്തിന്റെ ഔദ്യോഗിക വൃക്ഷം. അരക്കേസ്യേ എന്ന സസ്യകുടുംബത്തിലെ അംഗമാണ്. ഹോർത്തുസ് മലബാറിക്കസ് എന്ന വിഖ്യാത സസ്യവിജ്ഞാനകോശത്തിൽ ആദ്യം പരാമർശിക്കുന്നത് തെങ്ങിനെക്കുറിച്ചാണ്. തെങ്ങിൽനിന്നാണ് കേരള സംസ്ഥാനത്തിന്റെ പേര് നിഷ്പന്നമായത് എന്നൊരു നിഗമനമുണ്ട്. തെങ്ങ് ദേശീയ വൃക്ഷമായ രാജ്യമാണ് മാലിദ്വീപ്.
- കേരളത്തിന്റെ ഔദ്യോഗിക പക്ഷിയായ വേഴാമ്പലിന്റെ ജന്തുശാസ്ത്രനാമമാണ് ബ്യൂസെറസ് ബൈക്കോർണിസ്. വേഴാമ്പൽ സംസ്ഥാനപക്ഷിയായ മറ്റൊരു സംസ്ഥാനം അരുണാചൽ പ്രദേശാണ്.
- ആന (എലിഫസ് മാക്സിമസ് ഇൻഡിക്കസ്)യാണ് കേരളത്തിന്റെ ഔദ്യോഗിക മൃഗം. എലിഫന്റിഡേ കുടുംബത്തിൽ പ്രൊബോസിഡിയ എന്ന ഓർഡറിലാണ് ആനയുടെ ജന്തുശാസ്ത്രപരമായ സ്ഥാനം. കർണാടകം, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളുടെയും ഔദ്യോഗിക മൃഗം ആനയാണ്. ഇന്ത്യയുടെ ദേശീയ പൈതൃക മൃഗമാണ് ആന. ഐവറി കോസ്റ്റിന്റെ ദേശീയ മൃഗം ആഫ്രിക്കൻ ആനയാണ്.
- സംസ്ഥാന മത്സ്യമായ കരിമീൻ ഇംഗ്ലീഷിൽ Pearl Spot എന്നറിയപ്പെടുന്നു. ജന്തുശാസ്ത്രനാമം Etroplus suratensis. ഇന്ത്യയെക്കൂടാതെ കരിമീൻ കാണപ്പെടുന്ന മറ്റൊരു രാജ്യം ശ്രീലങ്കയാണ്.
- കേരളത്തിൽ ലഭിക്കുന്ന വാർഷിക ശരാശരി മഴ 3107 മില്ലീമീറ്ററാണ്. താഴ്ന്ന പ്രദേശങ്ങളിൽ ഇത് 120 മില്ലീമീറ്റർമാത്രമാണ്. ഇന്ത്യയുടെ വാർഷിക ശരാശരി മഴ1197 മില്ലീമീറ്ററാണ്. പ്രതിവർഷം ശരാശരി 120–140 മഴദിവസങ്ങൾ കേരളത്തിന് ലഭിക്കുന്നു. കേരളത്തിലെ മഴനിഴൽ പ്രദേശമാണ് ഇടുക്കി ജില്ലയിലെ ചിന്നാർ.
- കേരളത്തിലെ കാലാവസ്ഥ ട്രോപ്പിക്കൽ കാലാവസ്ഥയാണ്. മൺസൂൺ കാറ്റുകൾ കാലാവസ്ഥ നിർണയിക്കുന്നതിൽ ഗണ്യമായ സ്വാധീനം ചെലുത്തുന്നു.
- കേരളത്തിലെ വാർഷിക ശരാശരി താപനില $25^{0}$–$27.50^{0}$ സെൽഷ്യസ് ആണ്. പരമാവധി ഉയർന്ന ദൈനംദിന താപനില 36.7 ഡിഗ്രി സെൽഷ്യസും പരമാവധി താഴ്ന്ന ദൈനംദിന താപനില 19.8 ഡിഗ്രി സെൽഷ്യസും ആണ്.
- കേരളത്തിൽ 34 കായലുകളുണ്ട്. നദികൾ 44. ഇവയിൽ 41 എണ്ണം പടിഞ്ഞാറോട്ടും മൂന്നെണ്ണം കിഴക്കോട്ടും ഒഴുകുന്നു.
- വൈവിദ്ധ്യമാർന്ന ഭൂരൂപങ്ങൾ ഉൾപ്പെടുന്ന കേരളത്തിൽ മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ മൂന്ന് പ്രകൃതി വിഭാഗങ്ങളുണ്ട്. സമുദ്രനിരപ്പിൽനിന്ന് 250 അടിയിൽ കൂടുതൽ ഉയരമുള്ള പ്രദേശമാണ് മലനാട്. കേരളത്തിന്റെ ആകെ വിസ്തൃതിയുടെ 48 ശതമാനമുള്ള മലനാടിന് 18,653 ച.കി.മീ. വിസ്തീർണ്ണമുണ്ട്. തെക്കേ ഇന്ത്യയിലെ പ്രമുഖ പർവതനിരയായ പശ്ചിമഘട്ടത്തിന്റെ ഒരു ഭാഗമാണ് കേരളത്തിന്റെ കിഴക്കു ഭാഗത്തായി കാണപ്പെടുന്ന സഹ്യാദ്രി. പശ്ചിമഘട്ടത്തിലെ ഏറ്റവും ഉയരം കൂടി ഗിരിശൃംഗമായ ആനമുടി (2695 മീ) അഥവാ 8842 അടി) ഇടുക്കി ജില്ലയിലെ മൂന്നാർ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. പെരിയാറിന്റെ ബേസിനിലെ ഏറ്റവും ഉയർന്ന ഭാഗമായ ഇത് ഇന്ത്യയിൽ ഹിമാലയത്തിനു തെക്ക് ഏറ്റവും ഉയരം കൂടിയ പർവതഭാഗം കൂടിയാണ്. ഇരവികുളം ദേശീയോദ്യാനം സ്ഥാപിച്ചിരിക്കുന്നത് ഇതിന് സമീപമാണ്. ഇന്ന് ലോകത്ത് വരയാടുകളുടെ (നീലഗിരിട്രാഗസ് ഹൈലോക്രിയസ്) ഏറ്റവും വലിയ പോപ്പുലേഷൻ കാണാൻ സാധിക്കുന്നത് ഇരവികുളത്താണ്. നീലഗിരി മാർട്ടെൻ (നീർനായ) എന്ന ജീവിയെയും ഇവിടെ കാണാം. കരിങ്കുളം മലയ്ക്കാണ് ഉയരത്തിൽ രണ്ടാം സ്ഥാനം(8,455 മീ.). യുനെസ്കോ തയ്യാറാക്കിയ ലോകത്തിലെ 20 ബയോഡൈവേഴ്സിറ്റി ഹോട്ട്സ്പോട്ടുകളിൽ പശ്ചിമഘട്ടവും ഉൾപ്പെടുന്നു. യൂറോപ്പിലെ ആൽപ്സുമായി താരതമ്യപ്പെടുത്താവുന്ന തരത്തിലാണ് പശ്ചിമഘട്ടത്തിന്റെ പ്രധാന്യം.
- സംസ്ഥാനത്തിന്റെ വടക്കേയറ്റത്ത് കടൽത്തീരത്തുനിന്ന് 12 കി.മീ. കിഴക്കായി കാണുന്ന ഗിരിനിരകൾ കോഴിക്കോടിനു കിഴക്കുള്ള വാവൽമലവരേയും തീരത്തിനു സമാന്തരമായി തുടരുന്നു. തുടർന്ന് കിഴക്കോട്ട് തിരിയുന്ന മലനിരകൾ പിന്നീട് കുറച്ച് വടക്കോട്ട് തിരിഞ്ഞശേഷം തെക്കോട്ട് നീളുന്നു. ഇതവസാനിക്കുന്നത് പാലക്കാട് പാതയ്ക്ക് വടക്കുള്ള, വടമലയിലാണ്. പാലക്കാട് പാതയ്ക്ക് തെക്കുള്ള തെന്മലയും വടമലപോലെ ചെങ്കുത്താണ്. ആനമല പ്രദേശത്താണ് ഇതിന്റെ തുടർച്ചയായുള്ള മലനിരകൾ ഏറ്റവും ഉയരത്തിലെത്തുന്നത്. ആനമലയ്ക്ക് തെക്കുള്ള ഹൈറേഞ്ച് മേഖലയിൽ 2000 മീറ്ററിലേറെ ഉയരമുള്ള 14 കൊടുമുടികളുണ്ട്. പാലക്കാട് ചുരത്തിന്റെ കിഴക്കുഭാഗം മുതൽ തിരുവനന്തപുരത്തിന്റെ തെക്കുവരെ തെക്കൻ സഹ്യാദ്രി നീണ്ടുകിടക്കുന്നു. ഈ മലനിരയുടെ വടക്ക്പടിഞ്ഞാറൻ ഭാഗത്ത് നെല്ലിയാമ്പതി പീഠതലവും മദ്ധ്യഭാഗത്ത് പെരിയാർ പീഠഭൂമിയും തെക്ക് അഗസ്ത്യമലനിരയുമാണ്. അഗസ്ത്യമലനിരയുടെ ഏറ്റവും കൂടിയ ഉയരം 1869 മീ ആണ് (തിരുവനന്തപുരം ജില്ല). തെക്കോട്ട് പോകുന്തോറും മലകളുടെ ഉയരം കുറയുന്നു.
- ഏതാണ്ട് 30 കി.മീ. വീതിയിൽ കിഴക്കു പടിഞ്ഞാറായി 80 കി.മീ.ലേറെ നീണ്ടുകിടക്കുന്ന പാലക്കാട് ചുരമാണ്. പശ്ചിമഘട്ടത്തിനു കുറുകെയുള്ള ഏറ്റവും പ്രധാനപ്പെട്ട മലമ്പാത. വടക്കുകിഴക്കൻ കാലവർഷവും വേനൽക്കാലത്ത് കോയമ്പത്തൂർ പ്രദേശത്തുനിന്നുമുള്ള ഉഷ്ണക്കാറ്റും ഈ വിടവിലൂടെ കേരളത്തിലെത്തുന്നു. പണ്ടുകാലംതൊട്ടേ കേരളവും ഇന്ത്യയിലെ മറ്റു പ്രദേശങ്ങളും പരസ്പരം ബന്ധപ്പെട്ടിരുന്നത് പാലക്കാട് ചുരത്തിലൂടെയാണ്. പെരിയാർ പീഠത്തിനുതെക്ക് പുനലൂരിനെ ചെങ്കോട്ടയുമായി ബന്ധിപ്പിക്കുന്ന ആര്യങ്കാവ് ചുരമാണ് പശ്ചിമഘട്ടത്തിനു കുറുകെയുള്ള മറ്റൊരു പ്രധാന മലമ്പാത. പാലക്കാട്, ആര്യങ്കാവ് ചുരങ്ങൾ, റോഡ്, റെയിൽ മാർഗങ്ങളിലൂടെ കേരളത്തെയും തമിഴ്നാടിനേയും ബന്ധിപ്പിക്കുന്നു. പ്രാചീനകാലം മുതൽക്കേയുള്ള സുപ്രധാന വാണിജ്യമാർഗമായ മൂന്നാർ–ബോഡിനായ്ക്കന്നൂർ (മധുര ജില്ല) പാത, കുമിളി–കമ്പം പാത എന്നിവ കേരളത്തെയും തമിഴ്നാടിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന മറ്റുപാതകളിൽ ചിലതാണ്. കേരളത്തെ കർണാടകത്തിലെ കൂർഗുമായി ബന്ധിപ്പിക്കുന്ന മലമ്പാതയാണ് പേരമ്പാടി ചുരം. വയനാടിനെ മൈസൂറുമായി ബന്ധിപ്പിക്കുന്ന ചുരമാണ് താമരശ്ശേരി. പേരിയ ചുരം കേരളത്തെയും മൈസൂറിനെയും ബന്ധിപ്പിക്കുന്നു. കർക്കൂർ ചുരം നീലഗിരി ജില്ലയെ കേരളവുമായി യോജിപ്പിക്കുന്നു.
- സമുദ്രനിരപ്പിൽനിന്ന് 25 അടി മുതൽ 250 അടിവരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഇടനാട് കേരളത്തിന്റെ വിസ്തൃതിയുടെ 41.76 ശതമാനമാണ്. 16,230.5 ച.കി.മീ. വിസ്തീർണ്ണമുള്ള ഇടനാട് ഏലവും തേയിലയുമൊഴികെയുള്ള കൃഷിയ്ക്ക് അനുയോജ്യമാണ്. പശ്ചിമഘട്ടത്തിൽ നിന്നും പുറപ്പെടുന്ന നദികൾ ഈ പ്രദേശത്തെ ഫലഭൂയിഷ്ടമാക്കുന്നു.
- 3979 ച.കി.മീ. വിസ്തീർണ്ണമുള്ള തീരപ്രദേശം കേരളത്തിന്റെ വിസ്തൃതിയുടെ 10.24% കൈയടക്കുന്നു. കേരളത്തിന്റെ പടിഞ്ഞാറൻ തീരത്ത് സമുദ്രനിരപ്പിൽ നിന്നും 25 അടിവരെ ഉയർന്ന പ്രദേശമാണ് തീരദേശം. കായലുകളും നദീമുഖങ്ങളും മണൽത്തിട്ടകളും ഈ പ്രദേശത്തിന്റെ പ്രത്യേകതകളാണ്. പ്രധാനകൃഷി നെല്ലും തെങ്ങുമാണ്. കേരളത്തിലെ ഏറ്റവും ജനസാന്ദ്രതയുള്ള പ്രദേശങ്ങൾ തീരദേശത്തിന്റെ പരിധിയിലാണ്. കേരളതീരത്തൊട്ടാകെ ഇടവപ്പാതിക്കാലത്ത് ശക്തമായ കടലാക്രമണം അനുഭവപ്പെടുന്നു.
- കേരളത്തിന്റെ തീരദേശത്തിന്റെ നീളം 590 കി.മീ.ആണ് (ഇന്ത്യയുടേത് 7516.6 കി.മീ). എന്നാൽ, തെക്കു വടക്കു നീളം 560 കിലോമീറ്ററും കിഴക്കു പടിഞ്ഞാറ് ശരാശരി വീതി 60 കിലോമീറ്ററുംആണ്. ഇടുക്കി, എറണാകുളം ജില്ലകളിലാണ് ശരാശരി വീതി ഏറ്റവും കൂടുതൽ (124 കി.മീ.)
- കേരളത്തിലെ 9 ജില്ലകൾക്കാണ് കടൽത്തീരമുള്ളത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് എന്നിവ കടൽത്തീരമുള്ള ജില്ലകളാണ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി, പാലക്കാട്, വയനാട് എന്നിവയ്ക്ക് കടൽത്തീരമില്ല. കടൽത്തീരമില്ലാത്തതും മറ്റു സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടാത്തതുമായ ഏക ജില്ല കോട്ടയമാണ്. രണ്ടു സംസ്ഥാനങ്ങളുമായി–തമിഴ്നാടും കർണാടകവും–അതിർത്തി പങ്കിടുന്ന ഏക ജില്ല വയനാടാണ്. കോഴിക്കോട്, എറണാകുളം, കോട്ടയം, ആലപ്പുഴ എന്നീ നാലു ജില്ലകൾക്കൊഴികെ മറ്റു പത്ത് ജില്ലകൾക്ക് അന്തർ സംസ്ഥാന അതിർത്തിയുണ്ട്. കേരളത്തിലെ ഒരു ജില്ലയുമായി മാത്രം അതിർത്തി പങ്കിടുന്ന ജില്ലകൾ തിരുവനന്തപുരവും കാസർകോടുമാണ്. മലമ്പ്രദേശമില്ലാത്ത ജില്ല ആലപ്പുഴയാണ്. ഇടുക്കിയെയും വയനാടിനെയും മലയോര ജില്ലകളായി പരിഗണിക്കുന്നു. മലമ്പ്രദേശം ഏറ്റവും കൂടുതൽ ഇടുക്കിയിലാണ്.
- കടൽത്തീരത്തിന്റെ ദൈർഘ്യം ഏറ്റവും കൂടുതൽ കണ്ണൂർ ജില്ലയ്ക്കാണ്. കൊല്ലം ജില്ലയ്ക്കാണ് കടൽത്തീരത്തിന്റെ ദൈർഘ്യം ഏറ്റവും കുറവ്.